കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

### തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്
### ഓഡിറ്റ് റിപ്പോർട്ട്
### 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി1-1255/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ – ddhglfalpy@gmail.com
ഫോൺ : 0477-2252753

തീയതി. 15.11.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി1-1255/16 തീയതി: 15.11.2016

# ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 15.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും, രേഖകളുടെയും, വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | : | സി. വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.10.2016 മുതൽ 27.10.2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. എൻ. വിജയകുമാർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. പുഷ്പരാജ്. വി. കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജാക്വലിൻ. പി.ഡബ്ല്യൂ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. രാജിമോൾ.പി.സി | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

പ്രസിഡണ്ട് :

| | |
|---|---|
| ശ്രീമതി.കെ.പത്മാവതിയമ്മ | 01.04.2015 മുതൽ 31.10.2015 വരെ |
| ശ്രീ.കെ.ജെ.സെബാസ്റ്റ്യൻ | 01.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. സി.എ.രാജേശ്വരി | 01.04.2015 മുതൽ 31.05.2015 വരെ |
| ശ്രീ.കെ.എം.ഷിബു<br>(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 01.06.2015 മുതൽ 20.07.2015 വരെ |
| എസ്.അനിൽകുമാർ | 21.07.2015 മുതൽ 31.03.2016 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സമീറ പോത്തുകാട്ടിൽ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.സറീന ബീഗം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.അമ്പിളി.എ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | ഡോ.അനുപമ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ചിന്മയൻ | 01.04.2015 മുതൽ 31.03.2016 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ബെന്നി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ,<br>കൊക്കോതമംഗലം സർക്കിൾ | ശ്രീമതി.പി.എസ്.ലീലാമ്മ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ, തണ്ണീർമുക്കം സർക്കിൾ | ശ്രീമതി.പി.പ്രമീള | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ, മുട്ടത്തിപ്പറമ്പ് സർക്കിൾ | ശ്രീമതി.സുജ | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീ.പ്രശാന്ത്.എൻ | 01.06.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മാർഗരറ്റ് ഷൈൻ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ദീപ കൃഷ്ണൻകുട്ടി | 01.04.2015 മുതൽ 28.05.2015 വരെ |
| | ശ്രീമതി. ദീപ്തി ജയിംസ് | 29.05.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ, യു.പി.സ്കൂൾ | ശ്രീ.ഡി.ബാബു | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ/ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സബിത.വി.എച്ച് | 01.04.2015 മുതൽ 24.10.2015 വരെ |
| | ശ്രീമതി.സിനി | 25.10.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.എം.ഷിബു | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി. |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം |
| ഭാഗം – 2 | | |
| 11 | 2-1 | വസ്തുനികുതി |
| 12 | 2-2 | തൊഴിൽ നികുതി |
| 13 | 2-3 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല. |
| ഭാഗം – 3 | | |
| 14 | 3-1 | ഔഷധിയിൽ നിന്ന് മരുന്ന വാങ്ങൽ |
| 15 | 3-2 | മീഡിയാശ്രീ പദ്ധതി- ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായില്ല. |

| | | |
|---|---|---|
| 16 | 3-3 | ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്. |
| 17 | 3-4 | ചുമതല നിർവ്വഹണത്തിൽ വീഴ്ച |
| 18 | 3-5 | DAR-ൽ ഉൾപ്പെട്ട ഇനങ്ങൾക്ക് ഒബ്സർവഡ് ഡേറ്റാ പ്രകരമുള്ള നിരക്ക് അനുവദിച്ചത് സംബന്ധിച്ച്. |
| 19 | 3-6 | ബസ് സ്റ്റാന്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - കരാറുകാരന് അധിക തുക നൽകി. |
| 20 | 3-7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. |
| ഭാഗം – 4 | | |
| 21 | 4-1 | വാർഷിക കണക്കുകളുടെ പരിശോധന – അപാകതകൾ |
| 22 | 4-2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 23 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 24 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് |
| 25 | 4-5 | വായ്പ തിരിച്ചടവ് |
| 26 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 27 | 4-7 | ഓഡിറ്റ് റിക്കവറി |
| 28 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 29 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 30 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 31 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | 1 / 27.03.2015 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.06.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുൻബാക്കി | : | 33761852 |
| വരവ് | : | 58006078 |
| ആകെ | : | 91767930 |
| ചെലവ് | : | 61131327 |
| നീക്കിബാക്കി | : | 30636603 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 164011 | 8568811 | 17178424 | 17178424 | (+)8445602 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 2140 | 2031202 | 2033342 | 2033342 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 418050 | 418050 | 418050 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1233140 | 3026796 | 4259936 | 5325699 | (+)1065763 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3507519 | 2338735 | 5846254 | 4780491 | (-)1065763 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 90220 | 10014636 | 6512476 | 6512476 | (-)3592380 | |
| ലോക ബാങ്ക് സഹായം | 4858385 | 2752328 | 2757491 | 2757491 | (-)4853222 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 200 | 146 | | 54 | |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9693943 | 6576326 | 3117617 | (-)32 |
| നികുതിയേതര വരവുകൾ | 15457840 | 15056981 | 400859 | (-)2.5) |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 1573710 | 3339771 | 1766061 | +112 |
| ആകെ | 26725493 | 24973078 | 1752415 | (-)6.5 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 36 | 36 | 0 | |
| 2 | തൊഴിൽ രഹിത വേതനം | 77 | 33 | 0 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിച്ചിരിക്കുന്നു |
| 3 | വിധവാ പെൻഷൻ | 250 | 235 | 0 | അന്വേഷണത്തിൽ |
| 4 | വികലാംഗ | 80 | 69 | 0 | അന്വേഷണത്തിൽ |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ | | | | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16 | 10 | 0 | അന്വേഷണത്തിൽ |
| 6 | വാർദ്ധക്യകാല പെൻഷൻ | 2500 | 2000 | 0 | അന്വേഷണത്തിൽ |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2016-ൽ സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8134/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 10-2016 | 2016 സെപ്തംബർ | ലഭിച്ചിട്ടില്ല | -- |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 06.01.2016 | 2011-16 | ലഭിച്ചിട്ടില്ല | -- |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി

1. മൊബൈൽ ടവറുകളുടെ വസ്തുനികുതി

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/ തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ ജി.ഒ (ആർ.ടി) 2640/2012 ത.സ്വ.ഭ.വ, തീ.19.09.2011പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന 8 ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.ഇവയിൽ രണ്ട് ടവറുകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു.എന്നാൽ മറ്റ് ടവർ ഉടമകളുടെ പൂർണ്ണമായ അഡ്രസ്സ് പോലും ഹാജരാക്കിയ രേഖകളിൽ നിന്നും ലഭിക്കുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള എല്ലാ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ബിൽഡിങ് നം | ഉടമയുടെ പേരും അഡ്രസ്സും | വിസ്തീർണ്ണം | വസ്തുനികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 4/99 | ലഭ്യമല്ല | 4ച.മീ | 2000/- |
| 2 | 4/266 | എയർടെൽ | 10.7ച.മീ | 5350/- |
| 3 | 5/599 | ബിജു റ്റി നായർ, പഞ്ചായത്തു കവല പടിഞ്ഞാറ് | 18ച.മീ | 9000/- |
| 4 | 6/470Z | ബി.എസ്.എൻ.എൽ ടവർ | 16ച.മീ | 8000/- |
| 5 | 12/436A | മെ. ഇൻഡസ് ടവേഴ്സ് പ്രൈ. ലിമിറ്റഡ്. | 12ച.മീ | 6000/- |
| 6 | 19/162A | മെ. ഹെഡ് ലീഗൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്. | 15ച.മീ | 7500/- |
| 7 | 22/89 | ഡി.രാജൻ | 12.21ച.മീ | 6105/- |
| 8 | 22/90z | ലഭ്യമല്ല | 15.9ച.മീ | 7950/- |
| ആകെ | | | | 51905/- |

ഇത്തരത്തിൽ വർഷങ്ങളായി പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വിമുക്ത ഭടന്മാരുടെ വസ്തുനികുതി ഇളവ് – രജിസ്റ്ററും രേഖകളും ഹാജരാക്കിയിട്ടില്ല.

02-07-2013 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 242/2013 ത.സ്വ.ഭ.വ പ്രകാരം തറ വിസ്തീർണ്ണം 2000 ച. അടിയിൽ കവിയാത്ത വീടിന് മാത്രമേ ഇളവിന് അർഹതയുള്ളൂ. ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും മറ്റൊരു കെട്ടിടത്തിനും ഇളവ് ലഭിക്കുന്നില്ലെന്ന സാക്ഷ്യപത്രം വാങ്ങേണ്ടതുമാണ്. വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവ് വിവരം മുദ്ര വച്ച് നല്കണം. കൂടാതെ നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 നകം പഞ്ചായത്തിൽ സമർപ്പിക്കണം. എന്നാൽ 2015-16 സാമ്പത്തിക വർഷം പഞ്ചായത്തിൽ വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകിയപ്പോൾ ടി സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ ഒന്നും പാലിക്കപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി

1. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2015-16 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | Ist അർദ്ധ വർഷം | 2nd അർദ്ധ വർഷം | ആകെ |
|---|---|---|---|

| | ഡിമാന്റ് | പണം ഒടുക്ക് | ഡിമാന്റ് | പണം ഒടുക്ക് | |
|---|---|---|---|---|---|
| വാരണം പുത്തനങ്ങാടി മിൽമ സൊസൈറ്റി നം. 139 | 600/- | ഒടുക്കിയിട്ടില്ല. | 600/- | ഒടുക്കിയിട്ടില്ല. | 1200/- |
| കട്ടച്ചിറ കയർ സഹകരണ സംഘം നം. 731 | 450/- | ഒടുക്കിയിട്ടില്ല. | 450/- | ഒടുക്കിയിട്ടില്ല. | 900/- |
| വാരണം കയർ വ്യവസായ സംഘം എ. 834 | 300/- | ഒടുക്കിയിട്ടില്ല. | 300/- | ഒടുക്കിയിട്ടില്ല. | 600/- |
| പ്രിയദർശിനി വനിതാ കയർ വ്യവസായ സംഘം നം. 935 | 300/- | ഒടുക്കിയിട്ടില്ല. | 300/- | ഒടുക്കിയിട്ടില്ല. | 600/- |
| ആകെ | | | | | 3300/- |

തൊഴിൽ നികുതി ഒടുക്കാതിരുന്ന ജീവനക്കാരുടെ നികുതി ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന കരാറുകാരിൽ നിന്ന് 2015-16സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-3 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല.

കെ.പി.ഡബ്ല്യൂ.എ. കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2001-02 മുതൽ 2015-16 വരെ നിക്ഷേപമിനത്തിൽ 895792/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഔഷധിയിൽ നിന്ന് മരുന്നു വാങ്ങൽ

സർക്കുലർ 5398/ഡി.പി-1/2006/ത.സ്വ.ഭ.വ.27-02-2006, സർക്കുലർ 13160/ഡി.എ-1/2010/ ത.സ്വ.ഭ.വ. 28-11-2010 എന്നിവ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആശുപത്രികൾക്കും ഡിസ്പൻസറികൾക്കും ആവശ്യമായ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അഡ്വാൻസ് പേമെന്റ് നടത്തുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. ഇപ്രകാരം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഔഷധിയും തമ്മിൽ കരാറിൽ ഏർപ്പെടാവുന്നതും വ്യവസ്ഥ ചെയ്യുന്നതു പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യുന്നില്ലെങ്കിൽ നിയമ പ്രകാരമുള്ള നഷ്ട പരിഹാരം നല്കുന്നതിനുള്ള ബാധ്യത ഔഷധിക്ക് ഉണ്ടായിരിക്കുന്നതാണ്.

2015-16 വർഷത്തെ 'ആയുർവ്വേദ ആശുപത്രിക്ക് മരുന്ന്', (പ്രോജക്ട് നം. S0007/2016, തുക 600000/-), ജീവിതശൈലീരോഗ നിയന്ത്രണം (പ്രോജക്ട് നം. S0009/2016, തുക 500000/-) എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയപ്പോൾ കരാർ ചമച്ചിട്ടില്ല. കൂടാതെ മരുന്നുകളുടെ വിതരണത്തിനായി 31-12-2015 ൽ മുഴുവൻ തുകയും മുൻകൂറായി നല്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായത് 07/2016 ൽ മാത്രമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് യാതൊരു കത്തിടപാടുകളും നടത്തിയിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. ഇത്തരത്തിൽ സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി കരാർ ചമയ്ക്കാതെ തുക നല്കുന്നത് ഒഴിവാക്കേണ്ടതും നിശ്ചിത സമയപരിധിക്കുള്ളിൽ മരുന്നുകൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-2 മീഡിയാശ്രീ പദ്ധതി- ഡോക്യുമെന്ററി ചിത്രത്തിന്റെ പകർപ്പ് ലഭ്യമായില്ല.

പ്രോജക്ട് നം. – എസ്.0182/16

പ്രോജക്ടിന്റെ പേര് – മീഡിയാശ്രീ

അടങ്കൽ

തനത് ഫണ്ട് : 65000/- രൂപ

ചെലവ് : 65000/- രൂപ

ഡി.ഡി.നം. : 046030, തീയതി. 31.07.2015

കുടുംബശ്രീ സംസ്ഥാന മിഷൻ നടത്തുന്ന മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിനെ സംബന്ധിക്കുന്ന ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി 65,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അയച്ചു നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതായി കാണിച്ച് 31.07.2015-ൽ രസീതും നല്കിയിട്ടുണ്ട്. തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും തമ്മിൽ 31.07.2015-ൽ ഏർപ്പെട്ട കരാറിലെ 2-ാം വ്യവസ്ഥ പ്രകാരം ഡോക്യുമെന്ററി തിരക്കഥ അംഗീകരിച്ച കത്തും തുകയും ലഭിച്ചു കഴിഞ്ഞാൽ 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ പത്ത് പകർപ്പ് പഞ്ചായത്തിന് കൈമാറേണ്ടതാണ്.

ഡോക്യുമെന്ററിയുടെ ചിത്രീകരണം നടത്തിയെങ്കിലും നാളിതുവരെയായിട്ടും ഡോക്യുമെന്ററിയുടെ പകർപ്പ് ഗ്രാമപഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. ഡോക്യുമെന്ററിയുടെ പകർപ്പ് അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 ഗുണഭോകതാക്കളുടെ അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ വ്യക്തിഗത ആനുകൂല്യ വിതരണ പ്രോജക്ടുകളുടെ സബ്സിഡി മാർഗരേഖ പ്രകാരമുള്ള (16.11.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 362/2013/ത.സ്വ.ഭ.വ) പ്രധാന നിബന്ധന ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായിരിക്കണം എന്നുള്ളതാണ്. നാമമാത്രമായ പെൻഷൻ ഉൾപ്പെടെ 50,000/- രൂപയിൽ താഴെ വരുമാനമുള്ളവരെ ബി.പി.എൽ ആയി കണക്കാക്കി ആനുകൂല്യം നല്കാം എന്നു പറഞ്ഞിരിക്കുന്നു. തൻവർഷം വി.ഇ.ഒ മാർ നടപ്പാക്കിയ വിവിധ വ്യക്തിഗത ആനുകൂല്യ വിതരണ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നൊ, ടിയാളുകളുടെ വരുമാനം 50,000/- രൂപയിൽ താഴെയാണെന്നൊ തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമായില്ല.

അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാതിരുന്ന ഗുണഭോക്താക്കളുടെ പ്രോജക്ട് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | പ്രോജക്ടിന്റെ പേര് നമ്പർ | അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാതിരുന്ന ഗുണഭോക്താക്കളുടെ |
|---|---|---|

| | | |
|---|---|---|
| | | എണ്ണം |
| വി.ഇ.ഒ മുട്ടത്തിപ്പറമ്പ് | ഭവന പുനരുദ്ധാരണം-ജനറൽ (സ്പിൽ ഓവർ)(എസ്.0175/16) | 5 |
| വി.ഇ.ഒ തണ്ണീർമുക്കം | സാനിറ്ററി യൂണിറ്റ് ജനറൽ (എസ്.0117/16) | 12 |
| | ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.0191/16) | 41 |

22.10.2016-ലെ 14,15,16 നമ്പർ പ്രകാരം നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പുകൾക്ക് വി.ഇ.ഒ-മാർ നല്കിയ മറുപടിയിൽ മേൽ ഉത്തരവിലെ അനുബന്ധം-16 ഖണ്ഡിക 2.12 പ്രകാരം വരുമാനം നിർവ്വഹണ ഉദ്യോഗസ്ഥർ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്നുള്ളതിനാലാണ് അർഹത തെളിയിക്കുന്ന രേഖകളൊന്നും വാങ്ങി ഫയലിൽ ഇടാതിരുന്നതെന്ന് പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ മേൽ ഗുണഭോക്താക്കളുടെ വരുമാനം നിർവ്വഹണ ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകളൊന്നും തന്നെ ഫയലിൽ നിന്നും ലഭ്യമായില്ല. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ കൃത്യമായി ശേഖരിച്ച് ഫയലിൽ ഉൾപ്പെടുത്തുകയോ അർഹത സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തി ഫയലിൽ ഉൾപ്പെടുത്തുകയൊ ചെയ്യേണ്ടതാണ്.

## 3-4 ചുമതല നിർവ്വഹണത്തിൽ വീഴ്ച

2015-16 സാമ്പത്തിക വർഷം മുട്ടത്തിപ്പറമ്പ് സർക്കിളിന്റെ ചുമതല വഹിച്ചിരുന്ന വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ഫയലുകൾ അലക്ഷ്യമായാണ് കൈകാര്യം ചെയ്യുന്നതെന്ന് കണ്ടു. ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ പലതിലും ഗുണഭോക്താവിന്റെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകളിൽ ഒന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ സമ്മതപത്രം, റഫ് എസ്റ്റിമേറ്റ് എന്നിവയുടെ പൊതുവായ ഫോർമാറ്റിന്റെ പകർപ്പ് അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെന്നുള്ളതല്ലാതെ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. രണ്ട് പദ്ധതികളിലായി ആകെ 31 അപേക്ഷകൾ മാത്രമാണ് പ്രസ്തുത വി.ഇ.ഒ 2015-16 സാമ്പത്തിക വർഷം കൈകാര്യം ചെയ്തിട്ടുള്ളത്. ഇത്രയും തുച്ഛമായ അപേക്ഷകൾ പോലും കൃത്യമായി കൈകാര്യം ചെയ്യാതിരുന്നത് ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ ഉദാസീനതയാണ് വെളിവാക്കുന്നത്.

സാമ്പത്തിക വർഷം അവസാനിക്കാറായ സമയത്ത് മുട്ടത്തിപ്പറമ്പ് വി.ഇ.ഒ അനധികൃതമായി ഗ്രാമ പഞ്ചായത്തിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് സെക്രട്ടറി വി.ഇ.ഒ -യെ സ്ഥലം മാറ്റണമെന്നാവശ്യപ്പെട്ട് കഞ്ഞിക്കുഴി ബി.ഡി.ഒ-.യ്ക്ക് കത്ത് നല്കുകയും തുടർന്ന് കഞ്ഞിക്കുഴി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ 11.03.2016-ലെ ബി.230/2015 നമ്പർ ഉത്തരവ് പ്രകാരം മുട്ടത്തിപ്പറമ്പ് വി.ഇ.ഒ സർക്കിളിന്റെ അധിക ചുമതല കൊക്കോതമംഗലം സർക്കിളിലെ വി.ഇ.ഒയ്ക്ക് നല്കിയാണ് 2015-16-ലെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായത്.

തണ്ണീർമുക്കം പഞ്ചായത്തിൽ 3 സർക്കിളുകളിലായി 3 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുണ്ട്. 2015-16 സാമ്പത്തിക വർഷം 1,05,06,900/- രൂപ അടങ്കലിൽ 9 പദ്ധതികളാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിർവ്വഹിക്കാനുണ്ടായിരുന്നത്. ഇതിൽ 7 പദ്ധതികളിലായി 55,29,700/- രൂപ മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. ചില ജീവനക്കാർ സ്വീകരിക്കുന്ന ഉദാസീന നിലപാട് പദ്ധതി പ്രവർത്തനങ്ങൾ ആകെ താളംതെറ്റുന്ന നിലയിലേക്കെത്തിച്ചേരുന്ന അവസ്ഥ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 DAR-ൽ ഉൾപ്പെട്ട ഇനങ്ങൾക്ക് ഒബ്സർവഡ് ഡേറ്റാ പ്രകരമുള്ള നിരക്ക് അനുവദിച്ചത് സംബന്ധിച്ച്.

ചീഫ് എഞ്ചിനീയറുടെ 13-02-2014 ലെ ഡി.ബി-3/6512/2013/W/ തസ്വഭവ സർക്കുലർ പ്രകാരം DAR -ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ഇനത്തിന്റെ നിരക്ക് ആവശ്യമായി വരുന്ന പക്ഷം ഒബ്സർവഡ് ഡേറ്റ തയ്യാറാക്കാവുന്നതാണ്. എന്നാൽ തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ DAR-ൽ ഉൾപ്പെട്ട ഇനങ്ങൾക്കും ഒബ്സർവഡ് ഡേറ്റ തയ്യാറാക്കി കൂടിയ നിരക്ക് നിശ്ചയിച്ച് നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | DAR ഐറ്റം നം | ഐറ്റം | DAR പ്രകരമുള്ള നിരക്ക് (BRxCI) | ഒബ്സർവഡ് ഡേറ്റാ തയ്യാറാക്കി നിശ്ചയിച്ച നിരക്ക് |
|---|---|---|---|---|
| 1 | 2.2.1 | Earth work in rough excavation, banking excavated earth in layers not exceeding 20 cm in depth, breaking clods, watering, rolling each layer with ½ tonne roller or wooden or steel rammers, and rollingevery 3rd and top-most layer with power roller of minimum 8 tonnes and dressing up in embankments for roads, flood banks, marginal banks and guide banks or filling up ground depressions, lead upto 5 m and lift upto 1.5 m : | കരാറുകാരന് - 558.22/1m$^3$ (383.1x1.4571) | 1028.05/1m$^3$ |
| | | | കൺവീനർക്ക്- 485.37/1m$^3$ (333.11x1.4571) | 893.95/1m$^3$ |
| 2 | 16.3.9 | Good Earth | കരാറുകാരന് - 467.58/1m$^3$ (320.90x1.4571) | 1325.32/m$^3$ |
| | | | കൺവീനർക്ക്- 406.59/1m$^3$ (279.04x1.4571) | 1152.45/m$^3$ |

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിലെ പ്രസ്തുത ഇനങ്ങൾക്ക് ഇത്തരത്തിൽ ഒബ്സർവഡ് ഡേറ്റ പ്രകാരമുള്ള അധിക നിരക്കാണ് നൽകിയിട്ടുള്ളത്.

DAR-ൽ ഉൾപ്പെട്ട ഇനത്തിന് ഒബ്സർവഡ് ഡേറ്റ തയ്യാറാക്കി കൂടിയ നിരക്ക് നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/26.10.2016) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ ആലപ്പുഴ ജില്ലയിൽ ഗ്രാവൽ ലഭ്യമല്ലാത്തതിനാൽ കൺവേയൻസ് ചാർജ്ജ് കൂടി ചേർത്താണ് ഒബ്സർവഡ് ഡേറ്റാ തയ്യാറാക്കിയിട്ടുള്ളതെന്നും, ആയതിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. DAR-ൽ ഉൾപ്പെട്ട ഇനത്തിന് ഒബ്സർവഡ് ഡേറ്റ തയ്യാറാക്കി കൂടിയ നിരക്ക് നൽകിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.

## 3-6 ബസ് സ്റ്റാന്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - കരാറുകാരന് അധിക തുക നൽകി.

പ്രോജക്ട് നം. : 171/2016

അളവ് പുസ്തകം : 291/15-16

ബിൽ നം. : 66/21.3.2016 – 838976/-

ഗ്രാമ പഞ്ചായത്തിലെ ബസ് സ്റ്റാന്റിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 28,33,000/- രൂപ അടങ്കലിൽ 2015-16 വർഷത്തിൽ സ്പിൽ ഓവറായി അംഗീകാരം വാങ്ങിയിട്ടുള്ള പദ്ധതിയാണിത്. പദ്ധതി നിർവ്വണത്തിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (12.99% കുറവ്) ശ്രീ. സൂരജ് രാജേന്ദ്രൻ എന്ന കരാറുകാരനുമായി 18.12.2015 ൽ കരാർ ചമയ്ക്കുകയും അന്നു തന്നെ സ്ഥലം കൈമാറുകയും ചെയ്തിരുന്നു.

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം 15.3.2016 ൽ കരാറുകാരന് 10,71,366/- രൂപയുടെ ഒന്നാം പാർട്ട് ബിൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രസ്തുത ബില്ലിൽ നിന്നും 10% റിടെൻഷൻ തുക കുറവ് ചെയ്തിട്ടുള്ള തുകയ്ക്ക് മാത്രമേ വാറ്റും മറ്റു നികുതികളും പിടിച്ചിട്ടുള്ളു. ഇത് ക്രമ പ്രകാരമല്ല. പ്രവൃത്തിയുടെ ആകെ മൂല്യത്തിൽ നിന്നുമാണ് നികുതികൾ കുറവു ചെയ്യേണ്ടിയിരുന്നത്. ഇത്തരത്തിൽ റീടെൻഷൻ തുക ഒഴികെയുള്ള തുകയിൽ നിന്നും നികുതികൾ കുറവ് ചെയ്തതു മൂലം കരാറുകാരന് 5593/- രൂപ അധികമായി നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | നൽകിയ തുക | നൽകാവുന്ന തുക |
|---|---|---|
| പ്രവൃത്തി മൂല്യം | 1071366 | 1071366 |
| കുറയ്ക്കുക ടെണ്ടർ കുറവ്- 12.99% | 139170 | 139170 |
| | 932196 | 932196 |
| (-) റീടെൻഷൻ - 10% | 93220 | 93220 |

| | | |
|---|---|---|
| | 838976 | 838976 |
| വാറ്റ് 4% | 33559 | 37288 |
| ആദായ നികുതി (1%) | 8390 | 9322 |
| നിർമ്മാണ തൊഴിലാളി വിഹിതം (1%) | 8390 | 9322 |
| കരാറുകാരന് | 788637 | 783044 |

കരാറുകാരന് അധികമായി നൽകിയ തുക ക്രമീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

18.12.2015 ൽ കരാറുകാരനും നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ചിട്ടുള്ള കരാർ പ്രകാരം 18.06.2016 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കാലവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനെതിരെ യാതൊരു വിധ നിയമ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

പ്രസ്തുത അപാകതകളിൻമേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/21.10.16) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നും, പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരന് അധികമായി നൽകിയ 5593/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2015-16 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 134 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 6528 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 3480 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3480 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 2088 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 136 |

2. ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 1258 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1258 |
| തൻവർഷം പൂർത്തിയാക്കിയത് | 511 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | -- |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | -- |

3. വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 318 | 26535600 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 25 | 3042000 |
| 3 | ജലസംരക്ഷണം | 4 | 234000 |
| 4 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 64 | 3294720 |
| 5 | റോഡ് | 10 | 2538426 |
| 6 | ഐ.എ.വൈ- വീട് | 90 | 2583360 |
| | ആകെ | 511 | 38228106 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - ആപകതകൾ

സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് മുമ്പുള്ള ആസ്തികളുടെ മൂല്യം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1. | ഇ.എം.എസ്. ഭവന പദ്ധതി | -- | 18459000 | 9229500 | 3691800 | -- | 5537700 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5811316 |
| തൻവർഷം നിക്ഷേപിച്ച തുക | 510245 |
| ആകെ | 6321561 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6321561 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ഡി.സി.ബി ചേർത്തല | 6321561 | എഫ്.ഡി.നം.2348618 തീ. 13.04.2016 |

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000 | 2003-04, 7 | 1. പിഴപ്പലിശ ഒടുക്കാത്തത്<br>2. വിത്ത് വിതരണം അപാകത<br>3. നെൽവിത്ത് വിതരണം അപാകത<br>4. മണ്ഡരിരോഗ നിയന്ത്രണം<br>5. ചകിരി വിതരണം അപാകത<br>6. ധനസഹായം നല്കിയത്<br>7. മരാമത്ത് പണികൾ രേഖകൾ ഇല്ല. | നിലനിൽക്കുന്നു. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58006078 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61131327 |
| വരവിനങ്ങളിലുള്ള നഷ്ടം | 55205 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70593 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 51905 | ശ്രീ. എസ്. അനിൽകുമാർ, സെക്രട്ടറി |
| 2-2 (1) | 3300 | |
| ആകെ | 55205 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65000 | ശ്രീ. കെ.എം.ഷിബു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 5593 | ശ്രീമതി. ദീപ്തി ജയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 70593 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ദീപ്തി ജയിംസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി,തണ്ണീർമുക്കം | പുത്തൻ പറമ്പിൽ ഹൗസ് |
| ശ്രീ. എസ്. അനിൽകുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് | മയൂരം,<br>ചേർത്തല. പി. ഒ, ആലപ്പുഴ |
| ശ്രീ. കെ.എം.ഷിബു<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | ഷാ നിവാസ്<br>നോർത്ത് ആര്യാട്.പി.ഒ<br>ആലപ്പുഴ |

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99<br>(വരവ്-ചെലവ്) | എൽ.എഫ്.ജി.എ.5-1182/11/19.01.2012 |
| 2001-02<br>(ചെലവ്-പദ്ധതി വിഹിതം ഒഴികെ) | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ.5-1182/11/19.01.12 |

| | |
|---|---|
| 2005-06(ചെലവ്) | എൽ.എഫ്.ജി.എ.5-1182/11/19.01.12 |
| 2006-07 | എൽ.എഫ്.ജി.എ.16-925/10/19.02.11/28.02.11 |
| 2007-08 | എൽ.എഫ്.ജി.എ9-603/11/10.01.12/13.06.12 |
| 2008-09 | എൽ.എഫ്.ജി.എ.9-374/12/06.07.12/03.09.12 |
| 2009-10 | എൽ.എഫ്.ജി.എ.9-343/12/06.07.12/03.09.12 |
| 2010-11&2011-12 | എൽ.എഫ്.എ.പി1-625/12/21.01.14/15.03.14 |
| 2012-13 | എൽ.എഫ.എ.പി1-101/15/07.04.15/29.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി. പി1/1033/15/15.09.1/ 17.10.15 |
| 2014-15 | കെ.എസ്എ/എ.എൽ.പി-പി1-819/2016/ 26.07.2016 |

..

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-എ.എൽ.പി /പി1-1255/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,
ആലപ്പുഴ

തീയതി: 15.11.2016

ഫോൺ - 0477 2252753

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-ALP-P1-1255/2016

Kerala State Audit Department,

District Audit Office,

Alappuzha.

Date: 15.11.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thanneermukkam Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Thannermukkam Gramapanchayat for the year 2015-16 except the observations in my audit report Part 4, Para 4-1 properly presents the picture of income and expenditure.

Deputy Director